# കേരള സർക്കാർ

നമ്പർ.61872/ഡിഡി3/2013/തസ്വഭവ

തസ്വഭവ (ഡിഡി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 10.01.2014

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്-2011 - എന്യൂമറേഷൻ ഡ്യൂട്ടിയിൽ പങ്കെടുത്ത അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ആർജ്ജിതാവധി ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന:
1. 20.10.2011 ലെ 57118/ഡിഡി3/11/തസ്വഭവ നമ്പർ സർക്കുലർ.
2. 21.08.2013 ലെ 74476/ഡിഡി3/2012/തസ്വഭവ നമ്പർ സർക്കുലർ.
3. 25.05.2012 ലെ സ.ഉ.(പി)നം.139/2012/തസ്വഭവ.

സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേഷൻ നടത്തിയിരുന്നത് 2012 ഏപ്രിൽ 10 മുതൽ ജൂൺ 25 വരെയായിരുന്നു. എന്നാൽ നിശ്ചിത കാലയളവിനുള്ളിൽ സെൻസസ് പൂർത്തിയാക്കാനാവാത്ത സാഹചര്യത്തിൽ 26.05.2012 മുതൽ 15.06.2012 വരെ പ്രസ്തുത കാലയളവ് ദീർഘിപ്പിച്ചിരുന്നു. ഒരു എന്യൂമറേഷൻ ബ്ലോക്കിൽ 10 ദിവസം എന്ന കണക്കിൽ 4 എന്യൂമറേഷൻ ബ്ലോക്കിൽ പരമാവധി 40 ദിവസമാണ് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിലേയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലേയും ലോക്കൽ ബോഡികളിലേയും ഉദ്യോഗസ്ഥർക്കും, 9-ാം ക്ലാസിലോ അതിനു മുകളിലോ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും എന്യൂമറേഷൻ ഡ്യൂട്ടി അനുവദിച്ചിട്ടുള്ളത്. എന്നാൽ സൂചന (3) പ്രകാരം 26.05.2012 മുതൽ 15.06.2012 വരെ സെൻസസ് എന്യൂമറേഷൻ ദീർഘിപ്പിച്ച സാഹചര്യത്തിൽ വെക്കേഷൻ സമയത്ത് യഥാർത്ഥത്തിൽ ജോലി ചെയ്ത ദിവസങ്ങൾക്ക് ആനുപാതികമായി കെ.എസ്.ആർ. ഭാഗം 1 ചട്ടം 81 പ്രകാരം ആർജ്ജിതാവധി അനുവദിച്ചുകൊണ്ട് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

ജെയിംസ് വർഗീസ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാകളക്ടർമാർക്കും
5. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
6. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
8. ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ
9. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
11. എക്സിക്യൂട്ടിവ് ഓഫീസർ കണ്ണൂർ കന്റോൺമെന്റ്
12. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
13. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും (പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
14. എല്ലാ വന്യജീവി വാർഡൻമാർക്കും, നാഷണൽ പാർക്ക്(പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
15. ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം
16. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
17. ഡയറക്ടർ, സെൻസസ്സ് ഓപ്പറേഷൻ, തിരുവനന്തപുരം
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി
19.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:: 1. ഗ്രാമവികസനവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
3. അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ